## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2493 — 12.02.2020-ൽ മറുപടിക്ക്

## കാർഷികമേഖലയിൽ സഹകരണ സ്ഥാപനങ്ങളുടെ ഇടപെടൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.സി. കമറുദ്ദീൻ<br>,, എം.ഉമ്മർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.അബ്ദുൽ ഹമീദ് പി. | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സഹകരണ സംഘങ്ങൾ മുഖേന നൽകുന്ന വായ്പകളിൽ എത്ര ശതമാനമാണ് നിലവിൽ കാർഷിക വായ്പയായി നൽകിവരുന്നത്; | (എ) | പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖേന കാർഷിക വായ്പകൾ കൂടുതൽ വിതരണം ചെയ്യുന്നതിനായി, സംസ്ഥാനത്തെ കാർഷിക വായ്പ സഹകരണ സംഘങ്ങൾ/പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് സർക്കുലർ മുഖാന്തിരം സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കാർഷികമേഖലയിൽ സഹകരണ സ്ഥാപനങ്ങളുടെ ഇടപെടൽ ശക്തമാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് കൃഷിയുടെ വ്യാപനത്തിനായി സഹകരണ സ്ഥാപനങ്ങൾ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതിന്റെയും സഹകരണ കാർഷിക മേഖലകൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിഗണിച്ച് ഒരു അംഗത്തിന് നൽകാവുന്ന കാർഷിക ആവശ്യങ്ങൾക്കായുള്ള ഹ്രസ്വകാല മധ്യകാല വായ്പകളുടെ പരമാവധി വായ്പ പരിധി 3 ലക്ഷത്തിൽ നിന്നും 5 ലക്ഷം രൂപയായി ഉയർത്തിയും, കാർഷിക അനുബന്ധ വായ്പ പരമാവധി 3 ലക്ഷം രൂപ, കാർഷിക ആവശ്യങ്ങൾക്കും കാർഷിക |

| | | | |
|---|---|---|---|
| | | | അനുബന്ധ ആവശ്യങ്ങൾക്കുമുള്ള സ്വർണ്ണ പ്പണയ വായ്പ പരമാവധി 3 ലക്ഷം രൂപയും അനുവദിച്ചു നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേനയുള്ള കാർഷിക വായ്പാ വിതരണം, കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കൽ എന്നീ ഉദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി പഞ്ചായത്ത്, കൃഷി വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്നു.<br><br>കൂടാതെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയായ സുവർണ്ണ കേരളം പ്രകാരം വീടുകളിൽ അടുക്കളത്തോട്ട നിർമ്മാണം, മട്ടുപ്പാവ് കൃഷി, പോളി ഹൗസ് കൃഷി എന്നിവ സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പ്രകാരം സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**